**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ലഭ്യമാക്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളിൽ ലഭ്യമാക്കുന്ന അരിയുടെയും മറ്റ് ഭക്ഷണ സാധനങ്ങളുടെയും ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ഫെയർ ആവറേജ് ക്വാളിറ്റി (എഫ്.എ.ക്യൂ) നിലവാരമുള്ള വൈറ്റ് പാർ ബോയിൽഡ് അരിയാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്നത്. എഫ്.സി.ഐ മുഖാന്തിരം ലഭ്യമാകുന്ന പ്രസ്തുത അരി പിന്നീട് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (സപ്ലൈകോ) നിർദ്ദിഷ്ട ഔട്ട് ലെറ്റുകൾ (മാവേലി സ്റ്റോറുകൾ, സബ് ഡിപ്പോകൾ) വഴിയാണ് സ്കൂളുകൾക്ക് ലഭിക്കുന്നത്. എഫ്.സി.ഐ യുടേയും സപ്ലൈകോയുടേയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങളുടെ സംയുക്ത ഗുണമേന്മാ പരിശോധനയ്ക്ക് ശേഷമാണ് അരി എഫ്.സി.ഐ ഗോഡൗണുകളിൽ നിന്ന് വിതരണത്തിനായി സപ്ലൈകോ എടുക്കുന്നത്. 2021 ഒക്ടോബർ മാസം മുതൽ ഫോർട്ടിഫൈഡ് അരിയാണ് ടി പദ്ധതിയ്ക്ക് അനുവദിക്കുന്നത്. ഫോർട്ടി ഫൈഡ് അരിയുടെ ഗുണമേന്മ പരിശോധന എഫ്.സി.ഐ തലത്തിൽ നടത്തപ്പെടുന്നുണ്ട്.<br><br>അരി ഒഴികെ ഉച്ചഭക്ഷണ പദ്ധതിക്കായി വാങ്ങുന്ന പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, ഭക്ഷ്യഎണ്ണ മുതലായ ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയിൽ നിക്ഷിപ്തമാണ്.ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി, ഭക്ഷ്യ സാധനങ്ങൾ കഴിവതും സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് (സപ്ലൈകോ, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ്) വാങ്ങണമെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും അവ ഇല്ലാത്തിട ങ്ങളിൽ മിൽമയിൽ നിന്നും പാൽ വാങ്ങണമെന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ബി) | കായംകുളം ടൗൺ ഗവ. യു.പി. സ്കൂളിലെ കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയേറ്റ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; സ്കൂളിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ച 20 കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ച സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ഭക്ഷ്യവിഷബാധയേറ്റതുമായി ബന്ധപ്പെട്ട് ടി സ്കൂൾ കുട്ടികൾ ആശുപത്രിയിൽ ചികിത്സ തേടിയ സംഭവത്തെ തുടർന്ന് താഴെപറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത സ്കൂളിൽ നിന്നും അരി, തുവ പരിപ്പ്, വൻപയർ, മുളക്, മുളക്പൊടി, മല്ലിപൊ എന്നീ ഭക്ഷ്യ വസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള സർക്കാർ അനലറ്റിക്കൽ ലബോറട്ടറിയിൽ പരിശോധനറ്റ വിധേയമാക്കിയിരുന്നു. ലാബ് റിപ്പോർട്ട് ലഭ്യമാകുന്നതുവരെയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതുവരെയും ടി സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി താൽക്കാലികമായി നിർത്തിവെച്ചിരുന്നു. ടി പദ്ധതി നടത്തിപ്പിനായി ലഭിച്ചതും വിനിയോഗിക്കാത്തതുമായ അരി മുഴുവനായും ബന്ധപ്പെട്ട സപ്ലൈകോയുടെ മാവേലി സ്റ്റോറുകളിലേയ്ക്ക് തിരികെ നൽകുകയും പകരം ഗുണമേന്മയുള്ള പുതിയ അരി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷണം പാചകം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി സ്കൂളിൽ സൂക്ഷിച്ചിരുന്ന പലവ്യഞ്ജന മടക്കമുള്ള എല്ലാ ഭക്ഷ്യ വസ്തുക്കളും നീക്കം ചെയ്തിട്ടുണ്ട്. കുടിവെള്ള പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂളിലെ മുഖ്യ ജല സ്രോതസ്സായ കിണർ ശുചീകരിച്ച് അണുവിമുക്തമാക്കുകയും ശുദ്ധജല ലഭ്യതയ്ക്കായി സ്ഥാപിച്ചിട്ടുള്ള ആർ.ഒ പ്ലാന്റിൽ പുതിയ യു.വി ലാമ്പ് സജ്ജീകരിക്കുകയും പഴയ ഫിൽറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷം 22/06/2022 മുതൽ ടി സ്കൂളിൽ ഉച്ചഭക്ഷണ പരിപാടി പുനരാരംഭിച്ചിട്ടുണ്ട്. |
| (സി) | സ്കൂൾ കുട്ടികൾക്ക് നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പാചകം ചെയ്ത ഉച്ചഭക്ഷണം സ്കൂൾ കുട്ടികൾക്ക് നൽകുന്നതിന് മുൻപായി ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതലയുള്ള അദ്ധ്യാപകൻ/അദ്ധ്യാപികയെ കൂടാതെ ഒന്നോ രണ്ടോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ കൂടി ഭക്ഷണം രുചിച്ച് നോക്കുകയും ഭക്ഷണത്തിന്റെ |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം സംബന്ധിച്ച അഭിപ്രായം ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തു വരുന്നുണ്ട്. FSSAI അംഗീകൃതവും NABL അക്രഡിറ്റേഷനുമുള്ള ലാബോറട്ടറിയിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ സാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ